## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

14/07/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7512

### കുടുംബശ്രീയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. എ.എം. ആരിഫ് : | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ, അഗതി കുടുംബങ്ങൾ ഉൾപ്പെടെ നിരവധി ദരിദ്ര കുടുംബങ്ങൾ ഇനിയും ഭാഗഭാക്കായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. അഗതി കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവരുടെ അതിജീവന, ഉപജീവന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി കുടുംബശ്രീ 2003-ൽ ആശ്രയ പദ്ധതിക്ക് രൂപം നൽകി. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ/വിവിധ സർക്കാർ /അർദ്ധ സർക്കാർ/സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാഹചര്യത്തിന് അനുയോജ്യമായ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കാമോ; | (ബി) ഒന്നാം ഘട്ട പദ്ധതിയിൽ അർഹരായ മുഴുവൻ അഗതികളും ഉൾപ്പെട്ടിട്ടില്ലായെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ, ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാതെപോയ മുഴുവൻ അഗതി കുടുംബങ്ങളെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ട ആശ്രയ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപന അധികാരികൾക്ക് ഇതിനുള്ള പരിശീലനം കുടുംബശ്രീ മുഖാന്തിരം നൽകിയിട്ടുണ്ട്. അതനുസരിച്ച് 346 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും രണ്ടാം ഘട്ട ആശ്രയ പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ലഭ്യമായതിൽ 240 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ രണ്ടാം ഘട്ട ആശ്രയ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമൂലം 19724 ഗുണഭോക്താക്കൾക്ക് ആയതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) കുടുംബശ്രീക്ക് നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ദ്ധരുടെയും സാങ്കേതികവിദ്യയുടെയും അഭാവം ഉള്ളതായി അറിയാമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; കൂടുതലായി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കാമോ ? | (സി) നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മതിയായ വിദഗ്ദ്ധരുടെ സേവനവും സാങ്കേതിക വിദ്യയും ലഭ്യമാക്കുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ & ഫൈനാൻസ് (ഗിഫ്റ്റ്) മുഖാന്തിരം വൈദഗ്ദ്ധ്യ പരിശീലന സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾക്ക് ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പഞ്ചായത്തുമായി സഹകരിച്ച് കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ